**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 989** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചതിനെത്തുടർന്ന് സാമൂഹ്യനീതി വകുപ്പിന്റെ ഘടനയിൽ വന്ന മാറ്റങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചതിനെത്തുടർന്ന് സാമൂഹ്യനീതി വകുപ്പിന്റെ ഘടനയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുതിർന്ന പൗരൻമാരുടെ വകുപ്പ് രൂപീകരിച്ചതിനെ തുടർന്ന് ടി വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ അനുവദിച്ചു കൊണ്ട് പുറപ്പെടുവിച്ച 30/05/2026 ലെ സ.ഉ.(കൈ)നം.11/2026/സാനീവ പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിലനിന്നിരുന്ന ഓൾഡ് ഏജ് ഹോമുകൾ പൂർണ്ണമായും പ്രസ്തുത വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നതാണ്. സാമൂഹികനീതി വകുപ്പിൽ ഓർഫനേജ് കൺട്രോൾ ബോർഡിൽ നിലവിലുണ്ടായിരുന്ന മെമ്പർ സെക്രട്ടറിയുടെ തസ്തിക മുതിർന്ന പൗരൻമാരുടെ വകുപ്പിലേയ്ക്ക് മാറ്റി വിന്യസിച്ചിട്ടുണ്ട്.

**(ബി)** വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചതിനെത്തുടർന്ന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽനിന്ന് വയോജനക്ഷേമ വകുപ്പിലേക്ക് മാറ്റിയ പദ്ധതികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 30.05/2026 ലെ സ.ഉ.(കൈ)നം.11/2026/സാനീവ ഉത്തരവ് പ്രകാരം ഓൾഡ് ഏജ് ഹോമുകൾ പൂർണ്ണമായും മുതിർന്ന പൗരൻമാരുടെ വകുപ്പിന് കീഴിൽ വരുന്നതായിരിക്കും. നിലവിൽ സാമൂഹികനീതി വകുപ്പിലെ ജീവനക്കാരെ മുതിർന്ന പൗരൻമാരുടെ വകുപ്പിലേയ്ക്ക് മാറ്റി നിയമിച്ചിട്ടില്ല.

സാമൂഹികനീതി വകുപ്പ് നിലവിൽ കൈകാര്യം ചെയ്യുന്ന ചുവടെ പറയുന്ന പദ്ധതികൾ മുതിർന്ന പൗരൻമാരുടെ വകുപ്പിലേക്ക് കൈമാറ്റം ചെയ്യുന്നതാണ്.

1. വയോസാന്ത്വനം പദ്ധതി 2025-26

2. Connecting Services to People in need

3. ഡിമെൻഷ്യാ ബാധിതർക്കായി ARDSI മുഖാന്തിരം എടവനക്കാട് ഡിമെൻഷ്യാ കെയർ സെന്ററിൽ നടത്തുന്ന പദ്ധതി

4.സായംപ്രഭാ ഹോം പദ്ധതി

5. മാതൃകാ സായം പ്രഭ പദ്ധതി

6. മുതിർന്ന പൗരൻമാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 നടപ്പിലാക്കുന്ന പദ്ധതി

7. വയോസേവന അവാർഡ്

8.സംസ്ഥാന വയോജന കൗൺസിലിന്റെ പ്രവർത്തനം

9.സംസ്ഥാന വയോജന കമ്മീഷൻ പ്രവർത്തനം

10.റാപിഡ് റെസ്പോൺസ് ടീം പദ്ധതി

11.വയോരക്ഷ

12.മന്ദഹാസം

13. വയോഅമൃതം

14.വയോമധുരം

15.സല്ലാപം പദ്ധതി

16.MWPSC ട്രാക്കിംഗ് സോഫ്റ്റ് വെയറിന്റെ പ്രവർത്തനം.

കേന്ദ്രാവിഷ്കൃത പദ്ധതികൾ:

1.അടൽ വയോ അഭ്യുദയ് യോജന (AVYAY),

2. എൽഡർ ലൈൻ.

**(സി)** സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥ ഘടന ഏത് ക്രമത്തിലാണ് പുനഃക്രമീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സാമൂഹികനീതി വകുപ്പിൽ നിലവിലുണ്ടായിരുന്ന ഓർഫനേജ് കൺട്രോൾ ബോർഡിലെ മെമ്പർ സെക്രട്ടറിയുടെ തസ്തിക മുതിർന്ന പൗരൻമാരുടെ വകുപ്പിലേക്ക് പുനർക്രമീകരിച്ചതിലൂടെ പ്രസ്തുത തസ്തിക വകുപ്പിന് നഷ്ടപ്പെട്ടിട്ടുണ്ട്. മറ്റു ഉദ്യോഗസ്ഥ ഘടനയിൽ മാറ്റം വരുത്തിയിട്ടില്ല.

**(ഡി)** വയോജനക്ഷേമ വകുപ്പിൽ ഏതെങ്കിലും കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ യാതൊരു വിധത്തിലുമുള്ള കരാർ നിയമനങ്ങളും നടത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**